ശ്ചിതകാല നിരാഹാര സമരം ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് കല്ലൂർക്കാട് ഇപ്പോൾ വളരെ സംഘർഷം നിറഞ്ഞ ഒരന്തരീക്ഷമാണ് നിലനിൽക്കുന്നത്. വളരെയേറെ ആശങ്ക നിലനിൽക്കുകയാണ്. ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അംഗങ്ങളും ആരംഭിച്ചിരിക്കുന്ന സമരത്തിൽ കക്ഷിഭേദമന്യേ എല്ലാവരും അതിന്റെ പിന്നിലുണ്ട്. എല്ലാ പാർട്ടിയിലും മെമ്പർമാർ സമര രംഗത്തുണ്ട്. കല്ലൂർക്കാട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഈ പോലീസ് സർക്കിൾ ഓഫീസ് ഭംഗിയായി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒക്കെ പഞ്ചായത്ത് ഭരണസമിതി തന്നെ ഒരുക്കിക്കൊടുത്തിട്ടുണ്ട്. വളരെ നന്നായി പ്രവർത്തിച്ചുവരികയാണ്. ഈ അടുത്ത കാലത്ത് വന്ന ഒരു ഉദ്യോഗസ്ഥന്റെ നിർബന്ധ ബുദ്ധിയാണ് ഈ ഓഫീസ് മാറ്റിക്കൊണ്ടുപോകുന്ന കാര്യത്തിൽ നടക്കുന്ന നീക്കങ്ങൾക്ക് പിന്നിൽ എന്നാണ് അവിടെയുള്ള ആളുകളുടെ വിശ്വാസം. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ആ സർക്കിൾ ഓഫീസ് മറ്റൊരു സ്ഥലത്തേക്ക് മാറ്റാതെ അവിടെത്തന്നെ നിലനിർത്തി തരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കല്ലൂർക്കാട് പോലീസ് സർക്കിൾ ഓഫീസ് ഇപ്പോൾ പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. കല്ലൂർക്കാട് പഞ്ചായത്ത് വക സ്ഥലത്ത് നിലവിലുള്ള പോലീസ് സ്റ്റേഷൻ വളപ്പിൽ സർക്കിൾ ഓഫീസ് കെട്ടിടം പണിയാനുള്ള തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് കല്ലൂർക്കാടുനിന്നും വാഴക്കുളത്തേക്ക് മാറ്റാനുള്ള യാതൊരു നിർദ്ദേശവും സർക്കാർ പരിഗണനയിലില്ല. ഇതു സംബന്ധിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്.

(2) സംസ്ഥാന വ്യാപകമായി യുവജനങ്ങൾ കേന്ദ്ര സർക്കാർ ഓഫീസുകൾ ഉപരോധിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം.വി. ജയരാജൻ : സർ, തൊഴിലില്ലായ്മയ്ക്കെതിരെയും ജനദ്രോഹ സാമ്പത്തിക നയത്തിനെതിരെയും ഡി.വൈ.എഫ്.ഐ. ഇന്ന് സംസ്ഥാന വ്യാപകമായി 150 ഓളം കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുമ്പിൽ സമരം സംഘടിപ്പിക്കുകയാണ്. തൊഴിലില്ലായ്മ വർദ്ധിച്ചു വരികയാണ്. തൊഴിൽ ഉള്ളവർകൂടി തൊഴിൽ കമ്പോളത്തിൽ എടുത്തെറിയപ്പെടുകയും തൊഴിൽ രഹിതരാക്കപ്പെടുകയും ചെയ്യുന്നു. പൊതുമേഖല വിറ്റ് തുലയ്ക്കുകയാണ്. ബാങ്കുകളും ഇൻഷ്വറൻസ് സ്ഥാപനങ്ങളും ഇന്ത്യാക്കാരന്റേതല്ലാതായി മാറുകയാണ്. ലോകചരിത്രത്തിൽ ആദ്യമായി ഓഹരി വിൽപ്പനയ്ക്ക് ഒരു മന്ത്രിയും ഒരു വകുപ്പും കേന്ദ്രത്തിൽ ആരംഭിച്ചിരിക്കുന്നു. ഈ ജനവിരുദ്ധവും ദേശദ്രോഹപരവുമായ സാമ്പത്തികനയം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് തൊഴിൽരഹിതരായ യുവജനങ്ങളെയാണ്. പൊതുമേഖലയിൽ ബാങ്കുകളിൽ നിന്ന് 25,000 ജീവനക്കാരെയാണ് പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുള്ളത്. ഇൻഷ്വറൻസ് മേഖലയിലാകട്ടെ ഏജന്റൻമാരടക്കം വരുന്ന ഒരു ലക്ഷത്തോളംപേരുടെ തൊഴിൽ സുരക്ഷിതമല്ല. ലോട്ടറി നിരോധനത്തിലൂടെ കേരളത്തിൽ മാത്രം രണ്ടര ലക്ഷത്തോളം പേർ വഴിയാധാരമാകും. ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിലൂടെ റബ്ബറും കയറും വിലയില്ലാത്ത സാധനങ്ങളായി മാറുകയാണ്. തൊഴിൽരഹിതർ കയറുമെടുത്ത് ആത്മഹത്യയിലേക്ക് നയിക്കപ്പെടുമോ എന്നാണ് ആളു

LIBRARY ARCHIVES Kerala Legislative Assembly

കൾ ചിന്തിക്കുന്നത്. പൊതുമേഖലാ ബാങ്കുകളുടെ ഓഹരി 51 ശതമാന ത്തിൽനിന്ന് 33 ശതമാനമാക്കി കുറയ്ക്കാനാണ് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപി ച്ചിട്ടുള്ളത്. പൊതുമേഖലാ വ്യവസായികളുടെ സർക്കാർ ഓഹരിയാകട്ടെ 26 ശതമാനമാക്കി ചുരുക്കുകയാണ്. ഇതെല്ലാം തൊഴിൽരഹിതരെ പ്രതികൂല മായി ബാധിക്കുന്നതാണ്. ബഡ്ജറ്റിലാകട്ടെ തൊഴിലില്ലായ്മ പരിഹരിക്കാൻ യാതൊരു നിർദ്ദേശവും ഇല്ല. പുതിയ തൊഴിലവസരങ്ങൾ ഇല്ലെന്നു മാത്രമല്ല ഉള്ള തൊഴിലും ഇല്ലാതാവുകയാണ്. 15 കോടിയിലേറെ തൊഴിൽ രഹിതർ രാജ്യത്തുണ്ട്. കേന്ദ്രം ഇപ്പോൾ നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുക യാണ്. കേന്ദ്ര സർവ്വീസിൽ 30 ശതമാനം തസ്തിക വെട്ടിക്കുറച്ചിരിക്കുക യാണ്. പുതിയ തസ്തിക സൃഷ്ടിക്കുന്നുമില്ല. ഇതെല്ലാം തൊഴിൽ രഹിതരെ ദുരിതത്തിൽ ആക്കുകയാണ്. ഇതിൽ പ്രതിഷേധിച്ചാണ് യുവജനങ്ങൾ ഇന്ന് സമരം നടത്തുന്നത്. തിരുവനന്തപുരത്ത് എ.ജി.'സ് ഓഫീസിനു മുന്നിലാണ് സമരം നടത്തുന്നത്. തൊഴിൽ രഹിതരോട് അനുഭാവ പൂർണ്ണമായിട്ടുള്ള നില പാട് സ്വീകരിക്കുകയും തൊഴിലില്ലായ്മ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാർ ഡി.വൈ.എഫ്.ഐ. നട ത്തുന്ന ഈ സമരം ഗൗരവമായി കാണുകയും കേരളത്തിനകത്ത് കേരള ത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കാ നാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥി ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേന്ദ്ര ഗവൺമെന്റ് അനു വർത്തിച്ചുവരുന്ന സാമ്പത്തിക നയങ്ങൾ രാജ്യത്ത് തൊഴിലില്ലായ്മാ പ്രശ്നം കൂടുതൽ രൂക്ഷമാക്കാൻ ഇടയാക്കിയിട്ടുണ്ട്. പൊതുമേഖലയെ തളർത്തി, സ്വകാര്യമേഖലയെ പരിപോഷിപ്പിക്കുന്ന നയംമൂലം ഇപ്പോഴുള്ള തൊഴിൽ സാദ്ധ്യതകൾ തന്നെ കുറഞ്ഞുവരികയാണ്. ഉദാരവൽക്കരണത്തിന്റെ ഫല മായി സ്വകാര്യ മേഖലയിലും വൻപിച്ച പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുക യാണ്. ഈ മേഖലയിലും തൊഴിലവസരങ്ങൾ കുറയുകയും ഉള്ള തൊഴിലു കൾ കൂടി നഷ്ടപ്പെട്ട് തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും മുതൽമു ടക്ക് നമ്മുടെ സംസ്ഥാനത്തെ സമ്പദ് വളർച്ചയ്ക്കും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമാണ്. സംസ്ഥാന ഗവൺമെന്റിന്റെ മുതൽമുടക്കുകൊണ്ടുമാത്രം കൂടുതൽ തൊഴിൽദായക സംരംഭങ്ങൾക്ക് രൂപംനൽകാൻ സാധിക്കുകയില്ല. സംസ്ഥാനത്തെ കേന്ദ്ര മുതൽമുടക്കിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവും സംസ്ഥാന ത്തിന്റെ സാമ്പത്തിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏറ്റവും ഒടുവിലായി റെയിൽവേ ബഡ്ജറ്റിലൂടെ കേരളത്തിന്റെ റെയിൽവേ വികസന കാര്യത്തിൽ ഉണ്ടായ കേന്ദ്ര അവഗണനയുടെ ഫലമായി ഈ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന തൊഴിൽ അവസര ങ്ങൾകൂടി നഷ്ടമായിരിക്കുകയാണ്. ഇതിനെതിരെ ഈ സഭ തന്നെ ശക്ത മായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതികൂല സാഹചര്യത്തിലും പരി മിതികൾക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും ഉണ്ടാകുന്ന ഒഴിവുകളിൽ യഥാസമയം തന്നെ നിയമനം നടത്തി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും സംസ്ഥാന സർക്കാർ പരമാവധി പരിശ്രമം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും

LIBRARY ARCHIVES Kerala Legislative Assembly

150534 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ഇതുകൂടാതെ വികേന്ദ്രീകരണ ആസൂത്രണം വഴി ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കുടിൽ വ്യവസായങ്ങൾ, ജോബ് വർക്സ്, ചെറുകിട കച്ചവടം, കൃഷി എന്നിവയ്ക്ക് വായ്പ അനുവദിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന പ്രോജക്ടിന് ഈ പദ്ധതിവഴി ധനസഹായം അനുവദിക്കുന്നതാണ്. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയത്തിനെതിരെയും, സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെയും ശക്തമായ പ്രതിഷേധം എല്ലാവിഭാഗം ജനങ്ങളിൽനിന്നും യുവജന പ്രസ്ഥാനങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്, അതിനായി പ്രയത്നിക്കുന്നുമുണ്ട്.

(3) കോഴിക്കോട് നഗരത്തിൽ 'സ്വപ്നനഗരി' പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി

ശ്രീ. എം. ദാസൻ : സർ, കോഴിക്കോട് നഗരത്തിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി രൂപകൽപ്പന ചെയ്ത സ്വപ്നനഗരി പദ്ധതി യാഥാർത്ഥ്യം ആക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ടൂറിസം വികസനത്തിന് നമ്മുടെ സംസ്ഥാനത്ത് അനന്തമായ സാദ്ധ്യതകളാണ് ഉള്ളത്. ടൂറിസം ഒരു വ്യവസായമെന്ന നിലയിൽ വികസിപ്പിക്കുന്നതിനും അതിലൂടെ ഈ മേഖലയിൽ വൻതോതിൽ തൊഴിൽ സാദ്ധ്യതകൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സംസ്ഥാന ഗവൺമെന്റ് ഇവിടെ പ്രാവർത്തികമാക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായിട്ടാണ് കോഴിക്കോട് നഗരത്തിൽ കനോലിക്കനാലിന് കിഴക്കുഭാഗത്തായി വിസ്തൃതമായി നിൽക്കുന്ന കണ്ടൽക്കാടുകളും കായലുകളും സംരക്ഷിച്ചുകൊണ്ട് ഒരു വിനോദസഞ്ചാരപദ്ധതി 1987-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആവിഷ്കരിച്ചത്. അന്ന് ആ വകുപ്പു കൈകാര്യം ചെയ്തിരുന്ന പരേതനായ ശ്രീ. പി.എസ്. ശ്രീനിവാസൻ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ ഭാഗമായി അവിടെ കളിപ്പൊയ്ക ഉദ്ഘാടനം ചെയ്യുകയും ബോട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്തതാണ്. അതിനുശേഷം ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. വിനോദസഞ്ചാരികളെ വൻതോതിൽ ആകർഷിക്കാൻ കഴിയുന്ന നിർദ്ദിഷ്ട പദ്ധതി ഈ പ്രദേശത്തെ പരിസ്ഥിതി സംതുലനത്തിനും വളരെ അത്യാവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്തുകൊണ്ട് മറ്റ് വകുപ്പുതലൻമാരെക്കൂടി യോജിപ്പിച്ചുകൊണ്ട് ഈ പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോഴിക്കോട് നഗരസഭയും കോഴിക്കോട് വികസന അതോറിറ്റിയും ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് എല്ലാ സഹായങ്ങളും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വളരെ അനുകൂലമായ രൂപത്തിലുള്ള ഒരു തീരുമാനം ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എത്രയും വേഗം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly